പതിനഞ്ചാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

ബുള്ളറ്റിൻ - ഭാഗം II

2025 ഒക്ടോബർ 07

നമ്പർ : 672

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബില്ലിന്മേലുള്ള ശുദ്ധിപത്രം</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബില്ലിന്മേലുള്ള ശുദ്ധിപത്രം അംഗങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു:

<u>ശുദ്ധിപത്രം</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബില്ലിലെ ഖണ്ഡം 2 (1) പ്രകാരം പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 3-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷമുള്ള താഴെപ്പറയുന്ന ദീർഘവാചകം ഒഴിവാക്കി വായിക്കേണ്ടതാണ്.

“ഇപ്രകാരം നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ ആരും തന്നെ സർവ്വകലാശാലയുമായോ അതിലെ കോളേജുകളുമായോ യാതൊരു തരത്തിലും ബന്ധപ്പെട്ട ആളുകൾ ആയിരിക്കുവാൻ പാടുള്ളതല്ല.”.

ഡോ. എൻ. കൃഷ്ണ കുമാർ,

സെക്രട്ടറി.